(ഡി) കണ്ണൂരിൽ 264 ഏക്കറും കോഴിക്കോട്ട് 308 ഏക്കറും മലപ്പുറത്ത് 258 ഏക്കറും ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴയിൽ 301 ഏക്കർ ഏറ്റെടുക്കുന്ന പ്രക്രിയ പുരോഗതിയിലാണ്. മേൽപ്പറഞ്ഞ മൂന്നു വളർച്ചാ കേന്ദ്രങ്ങളിൽ ജലം, വൈദ്യുതി, റോഡ്, ടെലികമ്മ്യൂണിക്കേഷൻ, ആവശ്യമായ കെട്ടിടങ്ങൾ എന്നിവയുടെ പണികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

3 (1229) വ്യവസായ പാർക്കുകൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടങ്ങളിൽ എത്ര യൂണിറ്റുവീതം ഉണ്ടെന്നും അവയുടെ ഉൽപാദനം എന്തെല്ലാം ഇനങ്ങളാണ് എന്നും വ്യക്തമാക്കുമോ;

(സി) നിക്ഷേപകർക്കും ഉൽപാദകർക്കും എന്തെല്ലാം സഹായങ്ങൾ ഇവിടെനിന്നും ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) വ്യവസായ പാർക്കുകൾ വഴി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സ്കീം ലക്ഷ്യമിട്ടിട്ടുണ്ടോ;

(ഇ) വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് പദ്ധതി പ്രകാരമുള്ള ആദ്യത്തെ പാർക്ക് കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ മൺവിളയിൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ പട്ടാമ്പി, തൃശൂർ, അങ്കമാലി, മാരാരിക്കുളം, അമ്പലപ്പുഴ, കോട്ടയം, തിരുവല്ല, ചാത്തന്നൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വ്യവസായ പാർക്കുകൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ പൂർത്തിയാക്കിയശേഷമേ കൃത്യമായി എത്ര യൂണിറ്റുകൾ തുടങ്ങാൻ സാധിക്കൂ എന്ന് കണക്കാക്കാനാകൂ. ടി. യൂണിറ്റുകളിൽ വ്യവസായം ആരംഭിക്കുന്ന സംരംഭകരുടെ താൽപര്യത്തെ ആശ്രയിച്ചാണ് ഉൽപ്പന്നങ്ങൾ നിശ്ചയിക്കപ്പെടുന്നത്.

(സി) പുതിയ വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം, പദ്ധതി തയ്യാറാക്കൽ, തൊഴിൽ പരിശീലനം തുടങ്ങി ടി പാർക്കുകളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് ഇൻഡ്യയ്ക്കകത്തും പുറത്തും പരമാവധി വിപണി കണ്ടെത്താനുള്ള സഹായ സഹകരണങ്ങളും ഏർപ്പെടുത്തുന്നതാണ്.

(ഡി)&(ഇ) വ്യവസായ പാർക്കുകളിൽ അഭ്യസ്ത വിദ്യരായ തൊഴിൽ അന്വേഷകർ തുടങ്ങുന്ന വ്യവസായ യൂണിറ്റുകൾക്ക് സർക്കാരിന്റെ പുതിയ വ്യവസായനയത്തിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

4 (1230) കിളിമാനൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക്

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly